# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4185 24.06.2019-ൽ മറുപടിക്ക്

## മൃഗശാലകളുടെ നവീകരണം

**ചോദ്യം**
ശ്രീ.പി.കെ. ശശി

**ഉത്തരം**
ശ്രീ. കെ.രാജു
(ബഹു.വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മൃഗശാലകളുടെ നവീകരണത്തിനും കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തികളാണ് നടത്തി വരുന്നത്. ജലപക്ഷികൾക്ക് വേണ്ടിയുള്ള വാസ സ്ഥലത്തിന്റെ നിർമ്മാണം, ഇൻഡ്യൻ കാട്ടുപോത്തുകൾക്കുവേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം, അക്വേറിയത്തിന്റെ നവീകരണം, സ്ത്രീ സൗഹാർദ്ദപരവും വിശ്രമ മുറിയും ചേർന്ന ടോയ് ലറ്റ് ആന്റ് മദേഴ്സ് ഫീഡിംഗ് സെന്റർ, എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. മൃഗശാലാ ഓഫീസിനും സ്റ്റോറിനുമായുള്ള കെട്ടിടത്തിന്റെ നിർമ്മാണം, വിദേശ പക്ഷികളെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, ചിത്രശലഭ പാർക്കിന്റെ നിർമ്മാണം, ജിറാഫ്, സീബ്ര എന്നിവയെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, കടുവകളെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം കുരങ്ങു വർഗത്തിൽപ്പെട്ടവയെ പാർപ്പിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം, എന്നീ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. കൃഷ്ണമൃഗങ്ങളെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, പന്നിമാൻ കൂടിന്റെ നവീകരണം സിംഹക്കൂടിലെ അറ്റകുറ്റപ്പണികൾ, ഒട്ടകപ്പക്ഷി കൂടിന്റെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>തൃശ്ശൂർ മൃഗശാലയിൽ ഉരഗങ്ങളുടെ പരിബന്ധനത്തിന്റെ നവീകരണം, അനാക്കോണ്ട പാമ്പുകൾക്ക് വേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം, ആധുനിക രീതിയിലുള്ള അക്വേറിയത്തിന്റെ നിർമ്മാണം, സിംഹം, കടുവ, പുള്ളിപ്പുലി, മാൻ, ഒട്ടകപ്പക്ഷി, എമു, മയിൽ, ഹിപ്പോപ്പൊട്ടാമസ് എന്നീ |

| | | | |
|---|---|---|---|
| | | | മൃഗക്കൂട്ടുകളുടേയും നവീകരണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു.<br><br>തിരുവനന്തപുരം മൃഗശാലയിലേക്ക് രണ്ട് ജോഡി വെള്ള മയിൽ, രണ്ട് ജോഡി റെറ്റിക്കുലേറ്റഡ് പൈത്തൻ, ഏഷ്യാട്ടിക് ബ്ലാക്ക് കരടികൾ, ഒരു ജോഡി കഴുതപ്പുലികൾ എന്നിവയെ ഇൻഡ്യയിലെ മറ്റ് മൃഗശാലകളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | അന്താരാഷ്ട്ര മാതൃകകൾ അടിസ്ഥാനമാക്കി മൃഗശാലകൾ ആധുനികവത്കരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ; വിശദാംശം നൽകാമോ? | (ബി) | തിരുവനന്തപുരം മൃഗശാലാ ആധുനികവൽക്കരിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി നൽകിയത് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ 62-ാം ടെക്നിക്കൽ കമ്മിറ്റി 24.01.2013-ാം തീയതി അംഗീകരിച്ചിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**